LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ കീഴിൽ താഴെ പറയുന്ന പദ്ധതികളാണ് മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

1. സപ്ലൈകോയുടെ സംസ്ഥാനത്തെ എല്ലാ വില്പനകേന്ദ്രങ്ങൾ വഴിയും 13 ഇനം അവശ്യ ഭക്ഷ്യ വർഗ്ഗങ്ങൾ സബ്സിഡി അനുവദിച്ച് റേഷൻ കാർഡിന്റെ അടിസ്ഥാനത്തിൽ, '60 ലക്ഷത്തോളം കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്ന പദ്ധതി' (ഇത് ഒരു തുടർ പദ്ധതിയാണ്).

2. രണ്ട് വർഷത്തിനുള്ളിൽ സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരിക്കുന്ന പദ്ധതി. അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനായി 300 കോടി രൂപയാണ് ആവശ്യമായിട്ടുള്ളത്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ 65 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പൊതുവിതരണ ശൃംഖല പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരിക്കുന്നതിന് 498.96 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. കേന്ദ്ര സംസ്ഥാന സർക്കാറുകൾ 50:50 അനുപാതത്തിലാണ് ടി പദ്ധതിക്ക് സാമ്പത്തിക സഹായം നൽകുന്നത്. 2014-15 സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ ടി പദ്ധതിക്കായി നീക്കിവച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം 20 കോടി രൂപയാണ്.

(ബി) അവശ്യ സാധനങ്ങൾ സപ്ലൈകോ വഴി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത് ഒരു തുടർ പദ്ധതിയാണ്. പൊതുവിതരണ ശൃംഖല കമ്പ്യൂട്ടർവത്ക്കരിക്കുന്ന പദ്ധതി രണ്ട് വർഷത്തിനുള്ളിൽ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ആയതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

വിലവിവര പട്ടിക പ്രദർശിപ്പിക്കുന്നതിന് നടപടി

301 (1358) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കച്ചവട സ്ഥാപനങ്ങൾ വില വിവരപട്ടിക, സ്റ്റോക്ക് വിവരപട്ടിക എന്നിവ കൃത്യമായി പ്രദർശിപ്പിക്കണമെന്ന് നിയമമുണ്ടോ;

(ബി) എങ്കിൽ ആയവ പ്രദർശിപ്പിക്കാത്തതിന്റെ പേരിൽ എത്ര സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; പ്രദർശിപ്പിച്ചിട്ടുള്ള വില അമിത നിരക്കിലുള്ളതാണോ എന്നു പരിശോധിക്കാൻ എന്തു സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കച്ചവടസ്ഥാപനങ്ങൾ കൃത്യമായ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2014 ജനുവരി മുതൽ നാളിതുവരെ വിലവിവര പട്ടിക പ്രദർശിപ്പിക്കാത്ത 4598 കച്ചവടസ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കുന്ന വില മാർക്കറ്റ് വിലയുമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നു.

(സി) വിലവിവര പട്ടിക പ്രദർശിപ്പിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ മാത്രമായും പോലീസ്, ആരോഗ്യം, റവന്യൂ, ലീഗൽ മെട്രോളജി, നികുതി വകുപ്പുകളുമായി ചേർന്നും പരിശോധന നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1977- ലെ Kerala Food Stuffs (Display of price by Catering Establishment) Order, 1977-ലെയും 1980-ലെയും Kerala Essential Commodities (Maintenance of Accounts and Display of Prices and Stocks) Order പ്രകാരവും നടപടി സ്വീകരിക്കുന്നു, വിലവിവരപട്ടിക പ്രദർശിപ്പിക്കാത്ത കച്ചവടസ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് നൽകുകയും സാധനങ്ങൾ പിടിച്ചെടുക്കുകയും പിഴ ഈടാക്കുകയും ചെയ്യുന്നു.

പുതുതായി ഗ്യാസ് കണക്ഷനോടൊപ്പം ഗ്യാസ് സ്റ്റൗ

302 (1359) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി ഗ്യാസ് കണക്ഷൻ ലഭിക്കുന്നവർക്ക് ഗ്യാസ് സിലിണ്ടർ വിതരണം ചെയ്യുമ്പോൾ ഏജൻസികളിൽനിന്നു മാത്രം ഗ്യാസ് സ്റ്റൗ വാങ്ങണമെന്ന വ്യവസ്ഥയുണ്ടോ;

(ബി) ഇല്ലെങ്കിൽ ഏജൻസികളിൽനിന്നും ഗ്യാസ് സ്റ്റൗ വാങ്ങാത്ത ഉപഭോക്താക്കൾക്ക് സിലിണ്ടർ വിതരണം ചെയ്യുന്നതിന് ഏജൻസികൾ വൈമുഖ്യം കാണിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉപഭോക്താക്കൾക്കുണ്ടാകുന്ന ഇത്തരം ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജില്ലാ സപ്ലൈ ഓഫീസർമാരുടെ നേതൃത്വത്തിൽ അത്തരം പരാതികൾ പരിഹരിക്കുന്നുമുണ്ട്.

(സി) അത്തരം പരാതികൾ ഗ്യാസ് ഏജൻസി തലത്തിൽ സംഘടിപ്പിച്ചിട്ടുള്ള സോഷ്യൽ മോണിറ്ററിംഗ് സമിതികളിലും, ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ വിളിച്ചു കൂട്ടുന്ന താലൂക്ക് സപ്ലൈ ഓഫീസർമാരും ഓയിൽ കമ്പനി പ്രതിനിധികളും പങ്കെടുക്കുന്ന ഓപ്പൺ ഫോറങ്ങളിലും, ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നടക്കുന്ന പരാതി പരിഹാര അദാലത്തുകളിലും പരിഹരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly